# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
# പാലക്കാട്

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 84/2023 (വെള്ളിയാഴ്ച)** **തീയ്യതി: 20.10.2023**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 21.10.2023 | 22.10.2023 | 23.10.2023 | 24.10.2023 | 25.10.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 2 | 3 | 5 | 5 | 10 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 6 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 140 | 140 | 140 | 140 | 140 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 7 | 8 | 7 |

- ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ **ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ** മഴ പ്രതീക്ഷിക്കുന്നു. കൂടിയ താപനില **35°C** വരെയും കുറഞ്ഞ താപനില **25°C** വരെയും പ്രതീക്ഷിക്കുന്നു.

## പൊതു നിർദ്ദേശങ്ങൾ:

- **കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക.**

- **കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.**

## കാർഷിക നിർദ്ദേശങ്ങൾ

### നെല്ല്



- അടിവളം ചേർക്കാത്ത പാടങ്ങളിൽ ഞാറു നട്ട് 10 ദിവസത്തിനുള്ളിൽ ഒന്നാം വളം ചേർക്കുന്നതിനോടൊപ്പം ലോണ്ടാക്സ് പവർ 4 കിലോഗ്രാം ഒരു ഏക്കറിന് എന്ന കണക്കിൽ കലർത്തി പാടത്തു ഇട്ടുകൊടുക്കാവുന്നതാണ്. അടിവളം ചേർത്ത പാടങ്ങളാണെങ്കിൽ വളത്തിനു പകരം മണലുമായി കലർത്തി ഇവ വിതറിക്കൊടുക്കാം.

- അല്ലെങ്കിൽ ബ്യൂട്ടാക്ലോർ + പെനോക്സുലം എന്ന കളനാശിനി 800 ml ഒരു ഏക്കറിന് എന്ന കണക്കിൽ ഞാറു നട്ടതിനു ശേഷമോ വിതയ്ച്ചതിനു ശേഷമോ 6 മുതൽ 8 ദിവസത്തിനുള്ളിൽ കൊടുക്കാം.

- അല്ലെങ്കിൽ പൈറസോസൽഫ്യൂറാൻ എന്ന കളനാശിനി 80 - 120 ഗ്രാം ഒരു ഏക്കറിന് എന്ന കണക്കിൽ ചേർത്ത് കൊടുക്കാവുന്നതാണ്.

- ചേറ്റുവിതയിൽ വരിനെല്ലിനെതിരെ നിലം തയ്യാറാക്കി പാടത്തു വെള്ളം കയറ്റി നിർത്തിയിട്ട് ഓക്സിഫ്ലൂർഫെൻ എന്ന കളനാശിനി 1.5 ml ഒരു ലിറ്റർ വെള്ളത്തിന് എന്ന കണക്കിൽ തളിച്ച് കൊടുക്കാം. പിന്നീട് 4 മണിക്കൂറിനു ശേഷം മുളപ്പിച്ച വിത്ത് വിതയ്ക്കാം.

## പയർ



- പയറിലെ മുഞ്ഞയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക.
- അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

## പച്ചക്കറികൾ



- പച്ചക്കറികളിൽ ട്രൈക്കോഡെർമ സമ്പുഷ്ടമായ ജൈവവളത്തോടൊപ്പം എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് എന്നിവ ചേർത്ത മിശ്രിതം ഒരു സെന്ററിന് 50 കിലോഗ്രാം എന്ന തോതിൽ അടിവളമായി ചേർത്ത്കൊടുക്കുക.
- ജീവാണു വളങ്ങളായ അസോസ്പൈറില്ലം, വാം എന്നിവയിൽ ഏതെങ്കിലും ഒരാഴ്ച ഇടവിട്ട്പച്ചക്കറികളിൽ രാവിലെയോ വൈകിട്ടോ തളിച്ച്കൊടുക്കുന്നത് ഉചിതം.